| 06–11–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ദേഹീ അഭിമാനിയാകുന്നതിൽ തന്നെയാണ് നിങ്ങളുടെ സുരക്ഷ, നിങ്ങൾ ശ്രീമത്തിലൂടെ ആത്മീയ സേവനത്തിൽ മുഴുകൂ, എങ്കിൽ ദേഹാഭിമാനമാകുന്ന ശത്രു യുദ്ധം ചെയ്യില്ല.**

**ചോദ്യം :–** വികർമ്മത്തിന്റെ ഭാരം ശിരസ്സിലുണ്ട്, അതിന്റെ അടയാളം എന്താണ്? അതിനെ ലഘൂകരിക്കുന്നതിനുള്ള വിധിയെന്താണ്?
**ഉത്തരം** : ഏതുവരെ വികർമ്മത്തിന്റെ ഭാരം ഉണ്ടോ അതുവരെ ജ്ഞാനം ധാരണയാകില്ല. അങ്ങനെയുള്ള കർമ്മം ചെയ്തിട്ടുണ്ട്, അത് വീണ്ടും വീണ്ടും വിഘ്നം ഇടും, മുന്നോട്ട് പോകുവാനേ അനുവദിക്കില്ല. ഈ ഭാരത്തെ ലഘൂകരിക്കുന്നതിനു വേണ്ടി നിദ്രയെ ജയിക്കുന്ന നിദ്രാജീത്താകൂ. രാത്രിയിൽ ഉണർന്ന് ബാബയെ ഓർമ്മിക്കൂ എങ്കിൽ ഭാരം ലഘൂകരിക്കും.

**ഗീതം** : മാതാ ഓ മാതാ....

**ഓം ശാന്തി.** ഇത് ജഗത് അംബയുടെ മഹിമയാണ് എന്തുകൊണ്ടെന്നാൽ ഇത് പുതിയ രചനയാണ്. പൂർണ്ണമായും പുതിയ രചന ഉണ്ടാവുകയില്ല. പഴയതിൽ നിന്നും പുതിയതാകുന്നു. മൃത്യുലോകത്തിൽ നിന്നും അമരലോകത്തിലേയ്ക്ക് പോകണം. ഇത് ജീവിക്കുന്നതിന്റേയും,മരിക്കുന്നതിന്റേയും കാര്യമാണ്, അഥവാ മൃത്യുലോകത്തിൽ മരിച്ച് ഇല്ലാതാകുക, അഥവാ ജീവിച്ചിരിക്കേ മരിച്ച് അമരലോകത്തിലേയ്ക്ക് പോകണം. ജഗത്തിന്റെ അമ്മ അർത്ഥം ജഗത്തിനെ രചിക്കുന്നവർ. ഇത് തീർച്ചയാണ് ബാബ സ്വർഗ്ഗത്തിന്റെ രചയിതാവണ്, ബ്രഹ്മാവിലൂടെ രചന രചിക്കുന്നു. ബാബ പറയുന്നു, ബാബ സംഗമത്തിൽ വന്ന് സൂര്യവംശി,ചന്ദ്രവംശി രാജധാനി സ്ഥാപിക്കുന്നു. പറയുന്നു, കല്പത്തിന്റെ സംഗമയുഗത്തിൽ,ഓരോ സംഗമയുഗത്തിലും വരുന്നു. വളരെ സ്പഷ്ടമായ ജ്ഞാനമാണ്, പക്ഷേ കേവലം മനുഷ്യൻ മറന്ന് പേര് മാററിയിരിക്കുന്നു. സർവ്വവ്യാപിയുടെ ജ്ഞാനം ആരാണോ കേൾപ്പിക്കുന്നത് അവരോട് ചോദിക്കണം ഇത് ആര് പറഞ്ഞു,എപ്പോൾ പറഞ്ഞു, എവിടെ എഴുതിയിരിക്കുന്നു? ശരി, ഗീതയുടെ ഭഗവാൻ ആരാണ്, ആരാണ് അങ്ങനെ പറയുന്നത്? ശ്രീകൃഷ്ണനാണെങ്കിൽ ദേഹധാരിയാണ്, അപ്പോൾ സർവ്വവ്യാപിയാകുവാനേ കഴിയില്ല. ശ്രീകൃഷ്ണന്റെ പേര് മാറുമ്പോൾ ബാബയുടെ മേൽ കാര്യങ്ങൾ വരും. ബാബയ്ക്ക് സമ്പത്ത് നൽകണം. സൂര്യവംശി,ചന്ദ്രവംശിയുടെ സമ്പത്ത് നൽകുന്നതിന് ബാബ രാജയോഗം പഠിപ്പിക്കുന്നു. ഇല്ലായെങ്കിൽ 21 –ജന്മത്തെ സമ്പത്ത് അവർക്ക് ആര് നൽകി? ഇങ്ങനെയും എഴുതുന്നു, ബ്രഹ്മാവിന്റെ മുഖത്തിലൂടെ ബ്രാഹ്മണരെ രചിച്ചു. പിന്നീട് സൃഷ്ടിയുടെ ആദി– മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനം ബ്രാഹ്മണരെ കേൾപ്പിച്ചു. അപ്പോൾ ആരാണോ ജ്ഞാനം നൽകുന്നയാൾ തീർച്ചയായും മനസിലാക്കിതരുന്നതിന് ചിത്രവും ഉണ്ടാക്കും. വാസ്തവത്തിൽ ഇതിൽ എഴുതേണ്ടതിന്റേയോ,പഠിക്കേണ്ടതിന്റേയോ ആവശ്യമില്ല. പക്ഷേ ഇത് സഹജമായി മനസിലാക്കി കൊടുക്കുവാൻ ഈ ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ഇതിലൂടെ വളരെയധികം പ്രയോജനം ഉണ്ടാകും. ജഗദംബയുടേയും മഹിമയുണ്ട്. ശിവശക്തിയെന്നും പറയുന്നു. ശക്തി ആരിൽ നിന്നും ലഭിക്കുന്നു? വേൾഡ് ആൾമൈററി ബാബയിൽ നിന്ന് ലഭിക്കുന്നു. □വേൾഡ് ആൾമൈററി അതോറിററി□ മഹിമയിൽ ഈ വാക്കും കൊടുക്കണം. അതോറിററി അർത്ഥം ഏതെല്ലാം ശാസ്ത്രങ്ങളുടെ അറിവ് ഉണ്ടോ അതെല്ലാം അറിയുന്നവൻ. മനസിലാക്കി കൊടുക്കുവനുള്ള അതോറിററിയുണ്ട്. ബ്രഹ്മാവിന്റെ കൈയിൽ ശാസ്ത്രവും കാണിക്കുന്നു,പിന്നീട് പറയുന്നു ബ്രഹ്മാമുഖ കമലത്തിലൂടെ എല്ലാ വേദ – ശാസ്ത്രങ്ങളുടേയും രഹസ്യം മനസിലാക്കി തരുന്നു. അപ്പോൾ അതോറിററിയായില്ലേ. നിങ്ങൾ കുട്ടികൾക്ക് എല്ലാ വേദ – ശാസ്ത്രങ്ങളുടെ രഹസ്യവും മനസിലാക്കി തരുന്നു, ലോകത്തുള്ളവർ അറിയുന്നതേയില്ല ധർമ്മശാസ്ത്രമെന്ന് എന്തിനെ പറയുന്നു. പറയുന്നുണ്ട് നാല് ധർമ്മം. അതിലും ഒരു ധർമ്മമാണ് മുഖ്യം. ഇത് ഫൗണ്ടേഷനാണ്. ആൽവൃക്ഷത്തിന്റെ ഉദാഹരണവും കാണിക്കുന്നു. ഇതിന്റെ ഫൗണ്ടേഷൻ ജീർണ്ണിച്ചുപോയി. ബാക്കി ശിഖരം ഉണ്ട് , ഇത് ഉദാഹരണമാണ്. ലോകത്ത് വൃക്ഷം വളരെയധികം ഉണ്ട്. സത്യയുഗത്തിലും വൃക്ഷം ഉണ്ടല്ലോ. കാടല്ല, പൂന്തോട്ടമാണ്. ജോലി കാര്യങ്ങൾക്ക് വേണ്ടി വനവും ഉണ്ട്. തടിയും മററും വേണമല്ലോ. വനത്തിലാണ് പക്ഷി – മൃഗാദികൾ വളെരയുള്ളത്. പക്ഷേ അവിടെ എല്ലാ വസ്തുക്കളും നല്ല ഫലദായകമായിരിക്കും. പക്ഷി – മൃഗാദികൾ പോലും ഭംഗിയുള്ളതാണ്, വൃത്തികേടാക്കുന്ന ഒന്നും തന്നെയില്ല. ഈ പക്ഷി – മൃഗാദികൾ സൗന്ദര്യമുള്ളതാണല്ലോ. സൃഷ്ടിപോലും സതോപ്രധാനമായതിനാൽ എല്ലാ വസ്തുക്കളും സതോപ്രധാനമായിരിക്കും. സ്വർഗ്ഗം എന്ന് പറഞ്ഞാൽ പിന്നെ എന്താ!. ആദ്യമാദ്യം

മുഖ്യകാര്യമിതാണ് – ബാബയിൽ നിന്ന് സമ്പത്ത് എടുക്കണം. ചിത്രം ഉണ്ടാക്കികൊണ്ടിരിക്കണം, അതിൽ എഴുതുകയും വേണം ബ്രഹ്മാവിലൂടെ സ്ഥാപന, വിഷ്ണുവിലൂടെ പാലന,.................... ഈ അക്ഷരം മനുഷ്യൻ മനസ്സിലാക്കുന്നതേയില്ല അതിനാൽ വിഷ്ണുവിന്റെ രണ്ട് രൂപം, ലക്ഷ്മി – നാരായണനാണ് പാലന ചെയ്യുന്നത്. അതും മനസ്സിലാക്കുന്നുണ്ട്, കോടിയിലും ചിലർ മാത്രമേ മനസ്സിലാക്കുകയുള്ളൂ.പിന്നീട് ഇതും എഴുതിയിട്ടുണ്ട്, ആശ്ചര്യത്തോടെ കേട്ടു, പറഞ്ഞുകൊടുത്തു.............. നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് തന്റെ പദവി പ്രാപ്തമാക്കുന്നു. എവിടെയെല്ലാം ഈ കാര്യങ്ങൾ എഴുതിയിരിക്കുന്നു. ഭഗവാനുവാച അക്ഷരവും ശരിയാണ്. ഭഗവാന്റെ ജീവചരിത്രം വികലമാക്കിയാൽ മററ് എല്ലാ ശാസ്ത്രങ്ങളും ഖണ്ഡിക്കപ്പെടും. ബാബ ദിനംപ്രതിദിനം നല്ല നല്ല പോയിന്റ് നൽകുന്നു. ആദ്യമാദ്യം ഇത് ഉറപ്പിക്കണം അതായത് ഭഗവാൻ ജ്ഞാനസാഗരനാണ്, മനുഷ്യ സൃഷ്ടിയുടെ ബീജമാണ്. ചൈതന്യ ബീജത്തിൽ ഏതിന്റെ ജ്ഞാനം ഉണ്ടായിരിക്കും? തീർച്ചയായും വൃക്ഷത്തിന്റേതായിരിക്കും. അപ്പോൾ ബാബ വന്ന് ബ്രഹ്മാവിലൂടെ ജ്ഞാനം മനസ്സിലാക്കി തരുന്നു. ബ്രഹ്മാകുമാർ – ബ്രഹ്മാകുമാരി പേര് എത്ര നല്ലതാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ കുമാർ – കുമാരിമാർ വളരെയുണ്ട്. ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യമൊന്നുമില്ല. ഇത് രചനയാണല്ലോ. നിങ്ങൾ ബാബ – മമ്മ അഥവാ മാതാ– പിതാവെന്ന് എല്ലാവരും പറയുന്നു. ജഗദംബ സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാകുന്നു. ഇവരും പ്രാക്ടിക്കലിൽ ബി കെ യാണ്. കല്പം മുൻപും ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടി രചിച്ചിരുന്നു, ഇപ്പോൾ വീണ്ടും തീർച്ചയായും ബ്രഹ്മാവിലൂടെ രചിക്കും. സൃഷ്ടിയുടെ ആദി – മദ്ധ്യ – അന്ത്യത്തിന്റെ രഹസ്യം ബാബ മനസ്സിലാക്കി തരുന്നു, അതിനാൽ ബാബയെ നോളജ്ഫുൾ എന്ന് പറയുന്നു. ബീജത്തിൽ തീർച്ചയായും സൃഷ്ടിചക്രത്തിന്റെ ജ്ഞാനം ഉണ്ടായിരിക്കും. അതിന്റെ രചന ചൈതന്യ മനുഷ്യ സൃഷ്ടിയാണ്. ബാബ രാജയോഗവും പഠിപ്പിക്കുന്നു. പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ പഠിപ്പിക്കുന്നു, ആ ബ്രാഹ്മണർ പിന്നീട് ദേവതയാകുന്നു. കേൾക്കുന്ന സമയത്ത് എല്ലാവർക്കും വളരെ ലഹരി വരുന്നു, പക്ഷേ ദേഹ–അഭിമാനം കാരണം ധാരാണയാകുന്നില്ല. ഇവിടുന്ന് പുറത്തുപോയി എല്ലാം അവസാനിച്ചു. അനേക പ്രകാരത്തിലുള്ള ദേഹാഭിമാനം ഉണ്ട്. ഇതിൽ വളരെ പരിശ്രമം വേണം.

ബാബ പറയുന്നു നിദ്രയെ ജയിക്കുന്നവരാകൂ. ദേഹാഭിമാനം ഉപേക്ഷിച്ച് ദേഹീയഭിമാനിയാകൂ. രാത്രിയിൽ ഉണർന്നിരുന്ന് ഓർമ്മിക്കണം, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ശിരസ്സിൽ ജന്മ–ജന്മാന്തരത്തെ വികർമ്മത്തിന്റെ ഭാരം വളരെ ഉണ്ട് അത് നിങ്ങളെ ധാരണ ചെയ്യുവാൻ അനുവദിക്കില്ല. അങ്ങനെയുള്ള കർമ്മം ചെയ്തിട്ടുള്ളത് കാരണം ദേഹീയഭിമാനിയാകുവാനേ കഴിയുന്നില്ല. പൊങ്ങച്ചം വളരെയധികം പറയുന്നു, പൊങ്ങച്ചത്തിന്റെ വലിയ –വലിയ ചാർട്ട് എഴുതി അയക്കുന്നു അതായത് ഞങ്ങൾ 75% ഓർമ്മയിൽ ഇരിക്കുന്നു. പക്ഷേ ബാബ പറയുന്നു – ഇത് അസാധ്യമാണ്. ഏററവും ആദ്യം പോകുന്ന ആളും സ്വയം പറയുന്നു – ഓർമ്മയിൽ ഇരിക്കുന്നതിന് എത്രമാത്രം പരിശ്രമിക്കുന്നു,പക്ഷേ മായ മറവിപ്പിക്കുന്നു. സത്യമായ ചാർട്ട് എഴുതണം. ബാബ പറഞ്ഞു മനസ്സിലാക്കി തരുകയാണല്ലോ അപ്പോൾ കുട്ടികൾക്ക് ഫോളോ ചെയ്യണം.ഫോളോ ചെയ്യുന്നില്ലായെങ്കിൽ ചാർട്ടും അയക്കുവാൻ കഴിയില്ല. പുരുഷാർത്ഥത്തിന് സമയം ലഭിക്കുന്നുണ്ട്. ഇത് ധാരണ ചെയ്യുക ചിററമ്മയുടെ വീട്ടിൽ പോകുന്നതുപോലെ എളുപ്പമല്ല. ഇതിൽ തളർന്നുപോകരുത്. ചില കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ സമയമെടുക്കും, ഇന്നല്ലെങ്കിൽ നാളെ മനസ്സിലാകും. ബാബ പറഞ്ഞുതരുന്നു ആരാണോ ദേവീ – ദേവതാ ധർമ്മത്തിൽ നിന്നും മററ് ധർമ്മത്തിലേക്ക് കൺവർട്ട് ചെയ്ത് പോയത് അവരും വരും. ഒരു ദിവസം ആഫ്രിക്കക്കാരുടെ പോലും കോൺഫെറൻസ് ഉണ്ടാകും. ഭാരത ഖണ്ഡത്തിൽ വന്നുകൊണ്ടിരിക്കും. മുൻപ് ആരും വന്നിരുന്നില്ല. ഇപ്പോൾ എല്ലാ ഉന്നതരും വന്നുകൊണ്ടിരിക്കുന്നു. ജർമ്മനിയിലെ രാജകുമാരനും മററും ഒരിക്കലും പുറത്ത് പോകില്ലായിരുന്നു. നേപ്പാളിലെ രാജാവ് ട്രെയിൻ കണ്ടിട്ടില്ലായിരുന്നു, തന്റെ പരിധിക്കുപുറത്ത് പോകുവാനുള്ള ആജ്ഞ ഉണ്ടായിരുന്നില്ല, പോപ്പ് ഒരിക്കലും പുറത്ത് പോയിട്ടില്ല, ഇപ്പോൾ വന്നു. എല്ലാവരും വരും എന്തുകൊണ്ടെന്നാൽ ഭാരതം എല്ലാ ധർമ്മത്തിലുള്ളവരുടേയും ഏററവും വലിയ തീർത്ഥ സ്ഥലമാണ്, അതിനാൽ ഇതിന് ശക്തമായ പരസ്യം ഉണ്ടാകും. നിങ്ങൾക്ക് എല്ലാ ധർമ്മത്തിലുള്ളവരോടും പറയണം, ക്ഷണക്കത്ത് നൽകണം. ആരാണോ ദേവീ – ദേവതാ ധർമ്മത്തിൽ നിന്ന് കൺവർട്ട് ചെയ്തത് അവർ ജ്ഞാനം എടുക്കും, ഇതിലൂടെ മനസിലാക്കുവാൻ കഴിയും.മനസ്സിലാക്കുന്നുവെങ്കിൽ ശംഖധ്വനി നടത്തും. നമ്മൾ ബ്രാഹ്മണരാണല്ലോ, അപ്പോൾ നമ്മൾക്ക് ഗീതയും കേൾപ്പിക്കണം. വളരെ സഹജമാണ്, പരിധിയില്ലാത്ത ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ബാബയിൽ നിന്നും സമ്പത്ത് എടുക്കുക നമ്മുടെ അധികാരമാണ്, തന്റെ അച്ഛന്റെ വീട്ടിൽ (മുക്തി ധാം ) പോകുക എല്ലാവരുടേയും അവകാശമാണ്. മുക്തി – ജീവൻമുക്തിയുടെ അവകാശമുണ്ട്. ജീവന്മുക്തി എല്ലാവർക്കും ലഭിക്കണം. ജീവൻബന്ധനത്തിൽ നിന്നും മുക്തമായി ശാന്തിയിലേക്ക് പോകുന്നു, പിന്നീട് എപ്പോഴാണോ വരുന്നത് അപ്പോൾ ജീവൻ മുക്തമാണ്. പക്ഷേ എല്ലാവർക്കും സത്യയുഗത്തിലെ ജീവൻമുക്തി ലഭിക്കില്ല. സത്യയുഗത്തിലെ ജീവന്മുക്തിയിൽ

ദേവീ – ദേവതമാരാണ്. ആരാണോ പിന്നീട് വരുന്നത് അവർക്ക് കുറച്ച് സുഖവും കുറച്ച് ദു:ഖവും മാത്രമേയുള്ളൂ. ഇതും കർമ്മ– കണക്കാണ്. ഏററവും ഉയർന്ന ഭാരതം തന്നെയാണ് ഏററവും ദരിദ്രവും ആകുന്നത്. ബാബയും പറയുന്നു – ഈ ദേവീ– ദേവതാ ധർമ്മം വളരെ സുഖം നൽകുന്നതാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്, എല്ലാവരും അവരവരുടെ സമയത്ത് തന്റെ തന്നെ പാർട്ട് അഭിനയിക്കുന്നു. ഹെവൻലി ഗോഡ്ഫാദർ തന്നെയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നത്,വേറെയാർക്കും സ്ഥാപിക്കുവാനേ കഴിയില്ല. പറയുന്നുണ്ട് ക്രിസ്തുവിനു 3000 –വർഷം മുൻപ് തീർച്ചയായും സ്വർഗ്ഗമായിരുന്നു, പുതിയ ലോകമായിരുന്നു. ക്രൈസ്റ്റ് ഒരിക്കലും അവിടെ വരുന്നില്ല. ക്രൈസ്റ്റ് തന്റെ സമയമാകുമ്പോൾ വരും പിന്നീട് തന്റെ പാർട്ട് ആവർത്തിക്കണം. ശ്രീമതത്തിലൂടെ നടക്കുന്നുവെങ്കിൽ ഇതെല്ലാം ബുദ്ധിയിൽ ഇരിക്കും. എല്ലാവരുടെ ബുദ്ധിയും ഒരുപോലെയല്ല. ശ്രീമത്തിലൂടെ നടക്കുന്നതിന് ധൈര്യം വേണം. പിന്നീട് ബ്രഹ്മാവ്, ജഗത് അംബ ഇവരിലൂടെ എന്താണോ കഴിപ്പിക്കുന്നത്,എന്താണോ അണിയിക്കുന്നത്.............ബ്രഹ്മാവിലൂടെയാണല്ലോ എല്ലാം ചെയ്യുന്നത്. അപ്പോൾ രണ്ടുപേരും കംബയിന്റാണ്. ബ്രഹ്മാവിലൂടെ കർത്തവ്യം ചെയ്യും. ശരീരം രണ്ടും ഒന്നല്ല. ഈ ബാബ ചില കംബയിന്റ് ശരീരവും കണ്ടിട്ടുണ്ട്. ആത്മാവ് രണ്ടിന്റേയും വേറെ വേറെയാണ്. ഇതിൽ ശിവബാബ പ്രവേശിച്ചിരിക്കുന്നു,അത് നോളജ്ഫുൾ ആണ്. അപ്പോൾ ജ്ഞാനം ആരിലൂടെ നൽകി? കൃഷ്ണന്റെ ചിത്രം വേറെയാണ്. ഇവിടെ ബ്രഹ്മാവ് വേണം. പ്രാക്ടിക്കലിൽ ബ്രഹ്മാകുമാർ – ബ്രഹ്മാകുമാരിമാർ എത്രയാണ്.ഇതിൽ യാതൊരു അന്ധവിശ്വാസത്തിന്റെ കാര്യവും ഇല്ല. ദത്തെടുത്ത കുട്ടികളെ ഭഗവാൻ പഠിപ്പിക്കുന്നു. കല്പം മുൻപ് ആരെ ദത്തെടുത്തുവോ അവർ തന്നെയാണ് ഇപ്പോഴും ഉള്ളത്. പുറത്ത് ഓഫീസിൽ ഒരാളും പറയില്ല നമ്മൾ ബി കെയാണെന്ന്. ഇത് ഗുപ്തമാണ്. ശിവബാബയുടെ സന്താനമണ്. ബാക്കി പുതിയ സൃഷ്ടിയെ രചിക്കുകയാണ്. പഴയത് പുതിയതാക്കുന്നു. ആത്മാവിൽ അഴുക്ക് വീഴുന്നതിലൂടെ പഴയതായി. സ്വർണ്ണത്തിൽ അഴുക്ക് വീഴുന്നതിലൂടെ അത് അസത്യമായി മാറുന്നു. ആത്മാവ് അസത്യമാകുന്നതിലൂടെ ശരീരവും അസത്യമാകുന്നു. പിന്നെ അത് എങ്ങനെ സത്യമാകും? അസത്യമായ വസ്തുവിനെ പവിത്രമാക്കുന്നതിന് അഗ്നിയിൽ ഇടുന്നു. അപ്പോൾ എത്ര വലിയ വിനാശം ഉണ്ടാകണം. ഈ ഉൽസവങ്ങൾ എല്ലാം ഭാരതത്തിന്റേതാണ്. ഇത് ആരുടേതാണ്, എപ്പോഴാണ് ആരും അറിയുന്നതേയില്ല. ജ്ഞാനം വളരെ കുറച്ച് മാത്രമേ എടുക്കുന്നുള്ളൂ. അന്തിമത്തിൽ രാജപദവി ലഭിക്കും, അതിൽ എന്താണ്? വളരെ കുറച്ച് സുഖമല്ലേയുള്ളൂ. ദു:ഖം പതുക്കെ – പതുക്കെയാണ് ആരംഭിക്കുന്നത് അതിനാൽ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. എത്ര പുതിയ കുട്ടികളാണ് തീവ്രമായി മുന്നേറിയത്. പഴയവർ ശ്രദ്ധ കൊടുക്കുന്നില്ല. ദേഹാഭിമാനം വളരെയുണ്ട്, സേവനം ചെയ്യുന്നവരാണ് ഹൃദയത്തിൽ ഇരിക്കുന്നത്. പറയാറുണ്ടല്ലോ അകത്തൊന്ന്, പുറത്ത് വേറൊന്ന്. ബാബയും ഉള്ളിൽ നല്ല –നല്ല കുട്ടികളെ സ്നേഹിക്കും. ചിലർ പുറമേ നല്ലത്,അകം മോശമായിരിക്കും. യാതൊരു സേവനവും ചെയ്യുന്നില്ല. അന്ധന്മാരുടെ ഊന്ന്വടിയാകുന്നില്ല. ഇപ്പോൾ മരിക്കുന്നതിന്റേയും, ജീവിക്കുന്നതിന്റേയും കാര്യമാണ്. അമരപുരിയിൽ ഉയർന്ന പദവി നേടണം. അറിയുവാൻ കഴിയും ആരാര് കല്പം മുൻപ് പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടി, അത് കാണുവാൻ കഴിയും. എത്രമാത്രം ദേഹീ – അഭിമാനിയാകുന്നുവോ അത്രയും സുരക്ഷിതമായിരിക്കും. ദേഹാഭിമാനം പരാജയപ്പെടുത്തുന്നു. ബാബയും പറയുന്നു –ശ്രീമത്തിലൂടെ എത്ര ആത്മീയ സേവനം ചെയ്യുന്നു അത്രയും നല്ലതാണ്. എല്ലാവർക്കും ബാബ മനസിലാക്കി തരുന്നു. ചിത്രങ്ങളിലൂടെ മനസിലാക്കി കൊടുക്കുക വളരെ സഹജമാണ്. എല്ലാവരും ബ്രഹ്മാകുമാർ – കുമാരിമാരാണ്, ശിവബാബ മുതിർന്ന അച്ഛനാണ്. വീണ്ടും പുതിയ ലോകം സൃഷ്ടിക്കുന്നു. പാടുന്നുമുണ്ട് മനുഷ്യനിൽ നിന്നും ദേവത............ സിഖ് ധർമ്മത്തിലുള്ളവരും ആ ഭഗവാന്റെ മഹിമ പാടുന്നു. ഗുരു നാനാക്ക് എന്ന അക്ഷരവും വളരെ നല്ലതാണ്. സാഹേബിനെ ജപിക്കൂ അപ്പോൾ സുഖം ലഭിക്കും. ഇതാണ് സാരം. സത്യമായ സാഹേബിനെ ഓർമ്മിക്കൂ എങ്കിൽ സുഖം ലഭിക്കും അർത്ഥം സമ്പത്ത് ലഭിക്കും. മാനിക്കുന്നുമുണ്ട് ഒരെയൊരു ഓങ്കാരം....... ആത്മാവിനെ യാതൊരു കാലനും വിഴുങ്ങുന്നില്ല. ആത്മാവ് പതീതമാകുന്നു, ബാക്കി നാശം ഉണ്ടാകുന്നില്ല. അതിനാൽ അകാലമൂർത്തിയെന്ന് പറയുന്നു. ബാബ മനസിലാക്കി തരുന്നു ബാബ അകാലമൂർത്തിയാണ്, അപ്പോൾ ആത്മാവും അവിനാശിയാണ്. പിന്നീട് പുനർജന്മത്തിൽ വരുന്നു. ബാബ ഏകരസമാണ്. നേരെ പറയുന്നു – ബാബ ജ്ഞാന സാഗരനാണ്, രൂപ് – ബസന്താണ്. അതിനാൽ ഈ കാര്യങ്ങൾ മനസിലാക്കി മനസിലാക്കിച്ചു കൊടുക്കണം. അന്ധന്മാരുടെ ഊന്ന് വടിയാകണം. ജീവദാനം നൽകണം. പിന്നീട് ഒരിക്കലും അകാലമൃത്യു ഉണ്ടാകില്ല. നിങ്ങൾ കാലന്റെ മേൽ വിജയം നേടുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. ശ്രീമത്തിലൂടെ ആത്മീയ സേവനം ചെയ്യണം. അന്ധന്മാരുടെ ഊന്ന് വടിയാകണം. ശംഖ ധ്വനി മുഴക്കണം.

2. ദേഹീ – അഭിമാനിയാകുന്നതിനു വേണ്ടി ഓർമ്മയുടെ ചാർട്ട് വയ്ക്കണം. രാത്രിയിൽ ഉണർന്ന് ഓർമ്മയിൽ ഇരിക്കണം. ഓർമ്മയിൽ ക്ഷീണിക്കരുത്.

**വരദാനം:– സദ തന്റെ ശ്രേഷ്ഠ ഭാവത്തിലിരുന്ന് പരവശതകളെ കളയുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.**

സദ ഈ വരദാന സ്മൃതിയിലിരിക്കൂ അതായത് ഞാൻ എന്റെ ശ്രേഷ്ഠ ഭാവത്തിലിരിക്കുന്ന മറ്റുള്ളവരുടെയും പരവശതകളെ ഇല്ലാതാക്കുന്ന മാസ്റ്റർ സർവ്വ ശക്തിവാനാണ്. ശക്തിഹീനനല്ല. ശ്രേഷ്ഠ ഭാവത്തിന്റെ സിംഹാസനധാരിയാണ്. ആരാണോ അകാല സിംഹാസനധാരി, ബാബയുടെ ഹൃദയ സിംഹാസനധാരി ശ്രേഷ്ഠഭാവത്തിലിരിക്കുന്നവർ, അവർ സ്വപ്നത്തിൽ പോലും ഒരിക്കലും പരവശതയിൽ വരികയില്ല. ആര് എത്രതന്നെ പരവശപ്പെടുത്തിയാലും തന്റെ ശ്രേഷ്ഠ ഭാവത്തിൽ തന്നെയിരിക്കും.

**സ്ലോഗൻ:– സദാ തന്റെ സ്വമാനത്തിലിരിക്കൂ എങ്കിൽ സവ്വരുടെയും ബഹുമാനം ലഭിച്ചുകൊണ്ടിരിക്കും.**